നമ്പർ:സി4/1487/2025/STDD

07-11-2025

<u>വിജ്ഞാപനം</u>

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളിൽ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതും തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതുമായ ബാങ്കിംഗ് സർവ്വീസ്, UPSC,SSC,KPSC തുടങ്ങിയ ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനാവശ്യമായ പരിശീലനം ലഭ്യമാക്കുന്നതിനായി പട്ടികവർഗ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷകർ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരും 30 വയസ്സിന് താഴെയുള്ളവരും ഹയർ സെക്കണ്ടറി/ബിരുദം/ഡിപ്ലോമ/ബിരുദാനന്തര ബിരുദം തുടങ്ങിയ നിശ്ചിത യോഗ്യത നേടിയ രണ്ടരലക്ഷം രൂപയിൽ കവിയാത്ത കുടുംബ വാർഷിക വരുമാനമുള്ളവരുമായ പട്ടികവർഗ ഉദ്യോഗാർത്ഥികൾക്ക് ഈ പരിശീലനത്തിന് അപേക്ഷിക്കാം.പരമാവധി 250 പേരെയാണ് എല്ലാ പരിശീലന പരിപാടികൾക്കുമുള്ള പരിശീലനത്തിനായി സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കുന്നത്.ആകെയുള്ള സീറ്റിന്റെ 30% സീറ്റ് അടിയ പണിയ PVTG വിഭാഗത്തിൽപ്പെട്ടവർക്കായി സംവരണം ചെയ്തിട്ടുണ്ട്.നിശ്ചിത എണ്ണത്തിൽ കൂടുതൽ അപേക്ഷകൾ ഉണ്ടെങ്കിൽ എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതാണ്.ഇത്തരത്തിൽ പരിശീലനത്തിനായി തെരഞ്ഞെടുക്കുന്നവർക്ക് എംപാനൽ ചെയ്ത മികച്ച പരിശീലന സ്ഥാപനങ്ങളിൽ ചേർന്ന് പഠിക്കുന്നതിന് അവസരം ലഭിക്കുന്നതാണ്.

മേൽ പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള അർഹരായവർ ഇതോടൊപ്പമുള്ള അപേക്ഷാ ഫോമിൽ വിവരങ്ങൾ രേഖപ്പെടുത്തി യോഗ്യത പരീക്ഷയുടെ സർട്ടിഫിക്കറ്റിന്റെയും ജാതി വരുമാന സർട്ടിഫിക്കറ്റുകളുടെയും പകർപ്പുകൾ സഹിതം 05.12.2025 ന് 5 മണിക്ക് മുൻപായി നേരിട്ടോ തപാൽ മുഖേനയോ അതാത് ജില്ലാ പട്ടികവർഗ്ഗ ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.അപേക്ഷയിൽ ഏതു പരിശീലനത്തിനാണ് ചേരാൻ ആഗ്രഹിക്കുന്നത് എന്നുള്ളത് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.നിശ്ചിത സമയത്തിനകം ലഭിക്കാത്തതും, അപൂർണമായതും മതിയായ രേഖകൾ ഇല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

യോഗ്യരായ പട്ടികവർഗ യുവതീ യുവാക്കൾ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ അറിയിക്കുന്നു.

പകർപ്പ് : 1.പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ (ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പ്രൊമോട്ടർമാർ തുടങ്ങിയവർ മുഖേന വ്യാപകമായ പ്രചാരണം നടത്തേണ്ടതാണ്)

2. ബി1 (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

DIRECTOR

Signed by
Mithun Premraj
Date: 07-11-2025 13:59:32